61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 944 Participant Code: 106

# നവമാധ്യമങ്ങളും
# മലയാളികളുടെ സാമൂഹ്യ ജീവിതവും.

മാനവരാശിയുടെ പുരോഗതിയുടെ
ഒരു വലിയ അടിസ്ഥാനഘടകമാണ് മാധ്യമങ്ങൾ. ആശയവിനിമ-
യം പ്രാചീന മനുഷ്യനെ ഉന്നതിയിലേക്ക് കൊണ്ട് പോയി.
അതിൽ വലിയ ഒരു പങ്ക് വഹിച്ചത് മാധ്യമങ്ങളാണ്. ആംഗ്യം
കാട്ടലും ശബ്ദമുണ്ടാക്കലും ചുമർചിത്രം വരക്കലും
കടന്ന് കൊണ്ട് മനുഷ്യൻ ഭാഷയിലൂടെ ആശയവിനിമയം
നടത്താൻ തുടങ്ങിയത് മാനവികതയിലേക്കുള്ള മഹത്തര
മായ ഒരു ചുവടുവെപ്പായി മാറി. കൃത്യമായ ആശയ
വിനിമയം നടന്നാൽ മാത്രമേ നമുക്ക് കൃത്യമായ പുരോഗ
തിയിലേക്ക് മുന്നേറാൻ സാധിക്കുകയുള്ളൂ. അതിനു നമ്മെ
വളരെയേറെ സഹായിക്കുന്ന ഒരു ഘടകമാണ് മാധ്യമങ്ങൾ.

~~പത്ര~~ പത്രങ്ങളും റേഡിയോകളും
കത്തുകളും കടന്ന് ഇന്ന് മനുഷ്യൻ നവമാധ്യമങ്ങളിലേക്ക്
ചേക്കേറിയിരിക്കുകയാണ്, കൂട്ടത്തിൽ നാം മലയാളികളും.
ഇന്ന് സാധാരണ ഒരു മനുഷ്യന്റെ ദിനം ആരംഭിക്കുന്ന
തും അവസാനിക്കുന്നതും നവ മാധ്യമങ്ങളിലൂടെയാണ്.
നവ മാധ്യമങ്ങൾ നമ്മെ വല്ലാതെ സ്വാധീനിക്കുന്നുണ്ട്.
നമ്മുടെ ജീവിത ശൈലി തന്നെ നവമാധ്യമങ്ങൾ മാറിമറി

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

ഞാൻ തുടങ്ങിയിരിക്കുന്നു. ഒരു ശരാശരി മലയാളിയുടെ ഉണരലും ഉറക്കവും ഒരു സ്ക്രീൻ നോക്കി കൊണ്ടായി മാറിയിരിക്കുന്നു. അത്രത്തോളം ഈ നവമാധ്യമങ്ങൾ നമ്മളിൽ സ്വാധീനം ചെലുത്തികഴിഞ്ഞിരിക്കുന്നു എന്നത് തർക്കമില്ലാത്ത വസ്തുതയാണ്.

നവമാധ്യമങ്ങളുടെ കടന്ന് വരവ് നമ്മുടെ ജീവിതം വളരെ എളുപ്പമാക്കാൻ സഹായിച്ചു എന്നത് വളരെ വലിയ ഒരു സത്യമാണ്. ഭൂമുഖത്തുള്ള ആരോടും എപ്പോഴും എവിടെ നിന്നും സംവദിക്കാൻ കഴിയുന്നത് വലിയ ഒരു അത്ഭുതം തന്നെയാണ്. സന്ദേശങ്ങൾ അയക്കാനും, സംസാരിക്കാനും, നമ്മുടെ ചിന്തകൾ പങ്കുവെക്കാനും നവമാധ്യമങ്ങൾ നമ്മെ വളരെയേറെ സഹായിക്കുന്നു. നമുക്ക് അറിവിനും വിനോദത്തിനും നവമാധ്യമങ്ങൾ വലിയ ഒരു സാധ്യത തന്നെ ഒരുക്കുന്നു. എത്ര കോരിയാലും വറ്റാത്ത ഉറവ കണക്കെയാണ് നവമാധ്യമങ്ങളിൽ നമുക്ക് ലഭിക്കുന്ന അറിവുകൾ. അത്രത്തോളം അത് നമ്മളെ വിനോദത്തിൽ ഏർപ്പെടുത്തുകയും ചെയ്യുന്നു. മാനസിക ഉല്ലാസത്തിനും അറിവിനുമെല്ലാം ഇന്ന് നാം മലയാളികൾ നവമാധ്യമങ്ങളെ ആശ്രയിക്കുന്നു.

നവമാധ്യമങ്ങളുടെ കടന്ന് വരവ് നാം

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

മലയാളികളിൽ ഗണ്യമായ മാറ്റങ്ങൾ വരുത്തി എന്നത് എല്ലാവർക്കും മനസ്സിലാക്കാവുന്ന കാര്യമാണ്. മലയാളികളുടെ സാമൂഹ്യ ജീവിതത്തെയും അവ സ്വാധീനിച്ചു കഴിഞ്ഞു. ഏതാണ്ട് ആധിപത്യം ഉറപ്പിച്ചു എന്നു വേണമെങ്കിൽ പറയാം. സമൂഹ്യമാധ്യമങ്ങൾ നമ്മെ ഏറെയേറെ വശീകരിച്ചു കഴിഞ്ഞിരിക്കുകയാണ്. എത്രയൊക്കെ ഉപകാരപ്രദമാണെങ്കിലും ഒരു നാണയത്തിന് രണ്ട് വശമുണ്ട് എന്ന് പറയുന്നത് പോലെ നവമാധ്യമങ്ങൾക്കും രണ്ട് വശങ്ങൾ ഉണ്ട്. നവമാധ്യമങ്ങളുടെ അമിത ഉപയോഗം മലയാളികളെ തീരാ കുരുക്കിലേക്കാണ് വഴി നയിച്ചു വിടുന്നത് എന്ന് നമുക്ക് പരിചിതമായ ഒരു കാര്യമാണ്. ഓൺലൈൻ തട്ടിപ്പുകളും, ചതിയുമെല്ലാം നമുക്ക് ഇന്ന് നിത്യം കേൾക്കുന്ന വെറുമൊരു ~~മാക~~ വാർത്തയായി മാറിയിരിക്കുന്നു. സമൂഹ മാധ്യമങ്ങളുടെ ദുരുപയോഗം വഴി വലിയ വലിയ കുഴികളിൽ ചാടിയവരുടെ കഥകൾ നാം ദിനം പ്രതി കേൾക്കാറുണ്ട്. ചിലപ്പോഴൊക്കെ അവ ഏറെ തെറ്റായ കൂട്ടുകെട്ടിലേക്ക് നമ്മെ നയിക്കുകയും അത് വഴി നമ്മുടെ വ്യക്തിത്വത്തെ തന്നെ ഇല്ലാതാക്കുകയും ചെയ്യുന്നു. എന്തു കണ്ടാലും പരീക്ഷിച്ച് നോക്കാനുള്ള മലയാളികളുടെ വ്യഗ്രത വളരെ വലിയ ആപത്തുകളിലേക്ക് നയിക്കുന്നു. നമ്മുടെ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

ജീവിതത്തെ തന്നെ മാറിമറിക്കാൻ എന്നോണം ശക്തി അവയ്ക്ക് ഉണ്ടെന്ന് നാം മനസ്സിലാക്കുന്നില്ല.

നവമാധ്യമങ്ങൾ വഴി ഇന്ന് അസാധ്യമായ ഒന്നും തന്നെയില്ല എന്ന് നാം കണ്ട് മനസ്സിലാക്കിയിരിക്കുന്നു. സന്ദേശമയക്കൽ മുതൽ സാധനം വാങ്ങുന്നത് വരെ ഇന്ന് നവമാധ്യമങ്ങളിലൂടെ സാധ്യമാണ്. നമ്മുടെ സമൂഹത്തിൽ വർദ്ധിച്ചു വരുന്ന ഒന്നാണ് ലഹരിയുടെ ദുരുപയോഗം, ~~ന~~ നവമാധ്യമങ്ങൾക്കും അതിൽ വലിയ ഒരു പങ്ക് ഉണ്ട് എന്നത് തള്ളിക്കളയാൻ പറ്റാത്ത ഒരു വസ്തുതയാണ്. ലഹരിവസ്തുക്കളെ ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്ന തരത്തിലുള്ള വീഡിയോകളും ചിത്രങ്ങളും സന്ദേശങ്ങളുമെല്ലാം നവമാധ്യമങ്ങളിൽ ധാരാളം ഉണ്ടെന്നുള്ള കാര്യം നമുക്കറിയാം, അവ നമ്മുടെ ജീവിതത്തിൽ പലപ്പോഴും വലിയ സ്വാധീനം ചെലുത്തുക വഴി നിറയെ ചെറുപ്പക്കാരും വിദ്യാർത്ഥികളും അതിനു പിന്നാലെ പോകുന്നുണ്ടെന്ന കാര്യം വളരെ വേദനാജനകമാണ്, കൂടാതെ ഓൺലൈൻ ഡെലിവറിയും ഇന്ന് നടന്ന് വരുന്നു. ലഹരിയുടെ ഉപയോഗം നമ്മുടെ ~~സ~~ സമൂഹത്തിൽ വരുത്തിവെക്കുന്ന ദൂഷ്യഫലങ്ങൾ എത്രത്തോളം അപകടം പിടിച്ചതാണെന്ന് നമുക്കറിയാം. വിദ്യാർത്ഥികളുടെയും ചെറുപ്പ

ക്കാരുടെയും ലഹരി ഉപയോഗം നമ്മുടെ സമൂഹത്തെ വളരെ ദോഷകരമായ രീതിയിൽ ബാധിക്കും. നമ്മുടെ സമൂഹത്തിന്റെ പുരോഗതി വിദ്യാർത്ഥികളെയും യുവജനങ്ങളെയും ആശ്രയിച്ചിരിക്കെ അവരിൽ മുളപൊട്ടുന്ന ലഹരി ഉപയോഗത്തിന് നവമാധ്യമങ്ങൾ പങ്ക് വഹിക്കുന്നു എന്നത് വളരെ അപകടം പിടിച്ച കാര്യമായി നാം കാണേണ്ടതുണ്ട്.

അമിതമായ പരസ്യങ്ങൾ നവമാധ്യമങ്ങൾ വഴി നമ്മുടെ കൺമുന്നിൽ എത്തുന്നു. 'എവിടെ തിരിഞ്ഞൊന്നു നോക്കിയാലും അവിടെല്ലാം പൂത്ത മരങ്ങൾ മാത്രം' എന്ന മഹത്തായ കവിഭാവനയിൽ ഇന്ന് വലിയ മാറ്റം സംഭവിച്ചുകൊണ്ട് 'എവിടെ തിരിഞ്ഞൊന്നു നോക്കിയാലും അവിടെല്ലാം നിറയെ പരസ്യം മാത്രം' എന്ന് തിരുത്തേണ്ട ഗതി വന്നുകഴിഞ്ഞു. ഈ അമിതമായ പരസ്യങ്ങൾ മലയാളികളിൽ അമിതമായ ആസക്തി ഉളവാക്കുകയും, അവയെല്ലാത്തിനെയും വാങ്ങുവാനും പരീക്ഷിക്കുവാനുമുള്ള ബോധം ഉണരുകയും അതു വഴി അവ അനാവശ്യ ചിലവുകളിലേക്ക് വഴി മാറുകയും ചെയ്യുന്നു. മലയാളികളുടെ സാമ്പത്തിക ~~ബ~~ ഭദ്രതയിൽ മാറ്റം വരുത്താൻ വരെയുള്ള രീതിയിൽ നവമാധ്യമങ്ങൾ വളർന്നിരിക്കുന്നു.

നമുക്ക് അറിയാം, ഓരോ വ്യക്തികൾക്കും

Item Code: 944 Participant Code: 106

പല തരത്തിൽ ഉള്ള കാഴ്ചപ്പാടുകൾ ആണ്. അവ നമ്മുടെ സ്വന്തം താത്പര്യങ്ങൾ ആണ്. നമ്മുടെ സാമൂഹിക ജീവിതത്തിൽ നമുക്ക് മാത്രമായി ലഭിച്ച അനുഭവങ്ങളും, അറിവുകളുമാണ് നമ്മുടെ വ്യക്തിത്വത്തെ വികസിപ്പിക്കുന്നത്. ആ വ്യക്തിത്വ വികാസത്തിലൂടെയാണ് നമുക്ക് കാഴ്ചപ്പാടുകൾ ഉണ്ടാകുന്നത്. നമ്മുടെ ആ കാഴ്ചപ്പാടുകളെ മാറ്റുവാൻ ഉള്ള ശക്തി ഇന്ന് നവമാധ്യമങ്ങൾ കൈവരിച്ചു കഴിഞ്ഞിരിക്കുന്നു. നമുക്കറിയാം യൂട്യൂബ്, ഇൻസ്റ്റഗ്രാം മുതലായ നവമാധ്യമങ്ങൾ വഴി നാം പലതരത്തിലുള്ള ആളുകളെ കണ്ടുമുട്ടുന്നു. അവരുടെ ജീവിതശൈലിയും കാഴ്ചപ്പാടുകളും അന്ധമായി പിൻപറ്റുന്ന ഒരു പ്രവണത നാം മലയാളികളിൽ, പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ കണ്ടു വരുന്നു. നമ്മുടെ സ്വഭാവത്തെ തന്നെ മാറ്റി മറിക്കാൻ നവമാധ്യമങ്ങൾക്കാകുന്നു എന്ന വസ്തുത നാം മലയാളികളുടെ സാമൂഹ്യ ജീവിതത്തെ എത്രത്തോളം സ്വാധീനിക്കുന്നു എന്ന് നാം ഗഹനമായി ചിന്തിക്കേണ്ടതുണ്ട്.

വിദ്യാർത്ഥികളിൽ ഉള്ള നവമാധ്യമങ്ങളുടെ ദുരുപയോഗം നമ്മുടെ സാമൂഹ്യ ജീവിതത്തെ ബാധിക്കുന്ന ഒന്നാണ്. വിദ്യാർത്ഥികൾ ആണല്ലോ നാളത്തെ പൗരന്മാർ. ഒരു നല്ല നാളെയെ വാർത്തെടുക്കേണ്ടത് ഓരോ വിദ്യാർത്ഥിക

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 944 Participant Code: 106

[illegible] കടമയാണ്. ഇന്നത്തെ നല്ല വിദ്യാർത്ഥികൾക്കേ
നല്ല ഒരു നാളെയെ വാർത്തെടുക്കാൻ ആവുകയുള്ളൂ.
വിദ്യാർത്ഥികളിൽ നവമാധ്യമങ്ങൾ തെറ്റായ സ്വാധീനം ചെലുത്തി
യാൽ അതിന് നമ്മൾ വലിയ വില കൊടുക്കേണ്ടി വരും.
ഓൺലൈൻ ഗെയിമിങ്ങ് വിദ്യാർത്ഥികളിൽ കണ്ട് വരുന്ന
ഒരു പൊതുവായ ശീലമാണ്. എങ്കിലും അവ അമിതമായാൽ
ഉണ്ടാകുന്ന ആപത്ത് ഏറെ വലുതാണ്. ഒരിടക്ക് തരംഗമായ
പബ്ജിയും, ബ്ലൂവെയിലും എല്ലാം അതിന് ചില ഉദാഹ
രണങ്ങൾ മാത്രം. ജീവൻ വരെ എടുക്കാൻ എന്നവണ്ണം നവമാ-
ധ്യമങ്ങൾ മലയാളികളുടെ സാമൂഹ്യ ജീവിതത്തെ സ്വാധീനി-
ച്ചു എന്നുള്ളത് അത്ഭുതം നിറഞ്ഞതിനോടൊപ്പം ഏറെ
നടുക്കുകയും ചെയ്യുന്ന ഒരു കാര്യമാണ്. ഓൺലൈൻ
മാധ്യമങ്ങൾ വഴി പ്രചരിക്കുന്ന വ്യാജ വാർത്തകൾ വേറെയും.
എന്തും കണ്ണടച്ച് വിശ്വസിക്കുന്ന മലയാളിയുടെ പ്രവണത
ഈ വ്യാജവാർത്ത പരത്തുന്നവരെ പ്രോത്സാഹിപ്പിക്കുന്ന
ഒന്നാണ്. ഏതൊരു കാര്യം കേട്ടാലും അതിന് പിന്നിലുള്ള
സത്യാവസ്ഥ തിരയാൻ നാം പോകാറില്ല എന്നുള്ളതാണ്
സത്യം. ആളെ കൊല്ലുന്ന ഒറ്റമൂലികൾ ഒരുപാട്
കോവിഡ് കാലത്തിൽ നമ്മളും കണ്ടിട്ടുണ്ടല്ലോ.
നവമാധ്യമങ്ങളുടെ ഇത്തരത്തിലുള്ള ദുരു

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

Kerala School Kalolsavam
61-ാമത് കേരള സ്കൂൾ കലോത്സവം
2023 ജനുവരി 3 – 7 കോഴിക്കോട്
Kozhikode, Jan. 3 to 7

Item Code: 944 Participant Code: 106

മോഷണങ്ങൾ നാം മലയാളികളുടെ സാമൂഹ്യ ജീവിതത്തിൽ അപകടകരമായ മാറ്റങ്ങൾ ഉണ്ടാക്കും. സിനിമയും സീരിയലുകളും എല്ലാം അതിൽ പെടുന്നുണ്ട്. ഈയടുത്ത് കേരളക്കരയാകെ ഞെട്ടിച്ച ഒരു കൊലപാതകത്തിൽ പ്രതിയെ സ്വാധീനിച്ചത് പ്രേത സിനിമകൾ ആണെന്ന് കേട്ട് ഏറെ നടുക്കുന്ന ഒന്നാണ്. പല സിനിമകളിൽ നിന്നും സ്വാധീനം എടുത്തു കൊണ്ട് കാട്ടികൂട്ടുന്ന കൊലപാതകങ്ങളും മോഷണങ്ങളും വേറെ, എന്നാൽ കൂടി സിനിമകൾ മലയാളികളെ വളരെ നല്ല രീതിയിലും സ്വാധീനിക്കുന്നുണ്ടെന്നത് ഒരിക്കലും തള്ളിക്കളയാൻ ആവില്ല. കഴിഞ്ഞ വർഷങ്ങളിലായി മലയാളികൾ സാക്ഷ്യം വഹിച്ചത് അത്രത്തോളം നല്ല സന്ദേശങ്ങളും സമൂഹത്തിൽ വലിയ മാറ്റം വരുത്താൻ ഉതകുന്നതുമായ കുറേ നല്ല ചലചിത്രങ്ങളെയാണ്. സ്ത്രീശാക്തീകരണവും സമൂഹത്തിൽ നടക്കുന്ന അനാചാരങ്ങളെ പറ്റിയുള്ള തുറന്നു കാട്ടലും നമ്മുടെ മലയാളികളുടെ സാമൂഹ്യ ജീവിതത്തിൽ വലിയ മാറ്റം വരുത്താൻ ഉതകുന്ന ഒന്നാണ്. ഒരുപാട് കണ്ട് ശീലിച്ച ഒരുപാട് സാമൂഹിക അനീതികളെ ചോദ്യം ചെയ്ത് കൊണ്ട് പുറത്തിറങ്ങുന്ന ഇത്തരം ചലചിത്രങ്ങൾ നമ്മിൽ വളരെ നല്ല സ്വാധീനവും ചെലുത്തുന്നുണ്ടെന്നത് സന്തോഷകരമായ ഒരു കാര്യമാണ്.

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

കൃത്യമായ രീതിയിൽ സമൂഹ്യമാധ്യമങ്ങൾ ഉപയോഗിക്കുന്നത് നമ്മുടെ സമൂഹ്യ ജീവിതത്തിന്റെ ഉന്നമനത്തിന് കാരണമാകും എന്നുള്ള വസ്തുത ഒരിക്കലും തള്ളിക്കളയാൻ ആവില്ല. അറിവിന്റെ നിറകുടമാണ്. സമൂഹ മാധ്യമങ്ങൾ, നവമാധ്യമങ്ങളുടെ ഉപയോഗം നമ്മെ ഒരുപാട് ഉന്നതിയിൽ എത്തിക്കും, അത് നാം ശരിയായ രീതിയിൽ ഉപയോഗിച്ചാൽ മാത്രം. നവമാധ്യമങ്ങളിലൂടെ നമുക്ക് ഈ ഭൂഗോളത്തെ എന്തു കാര്യങ്ങളും അറിയാൻ സാധിക്കും. അത് വഴി നമുക്ക് മുന്നിൽ സാധ്യതകളുടെ വലിയ ഒരു ലോകമാണ് തുറന്ന് വരുന്നത്. നല്ല രീതിയിൽ ഉപയോഗിച്ചാൽ നവമാധ്യമങ്ങൾ പോലെ ഉപകാരപ്രദമായ മറ്റൊരു കാര്യവും ഇല്ല എന്നു തന്നെ വേണം പറയാൻ. നമ്മുടെ സമൂഹത്തിൽ നടക്കുന്ന കാര്യങ്ങൾ അറിയാനും അതിന് അനുസരിച്ച് പ്രവർത്തിക്കാനും നമുക്ക് നവമാധ്യമങ്ങൾ വഴി സാധിക്കുന്നു.

ഈ സമൂഹത്തിന് മുന്നിൽ നമ്മുടെ അഭിപ്രായങ്ങൾ വ്യക്തമാക്കാൻ നവമാധ്യമങ്ങൾ വഴി നമുക്ക് സാധിക്കുന്നു. നമ്മുടെ സമൂഹത്തിൽ നടക്കുന്ന അനാചാരങ്ങളെ ചൂണ്ടികാട്ടുവാനും അതിനെതിരെ പ്രതികരിച്ച് പ്രവർത്തിക്കുകയും വഴി ഉത്തമനായ ഒരു പൗരനാവാനും സമൂഹമാധ്യമ

Item Code: 944 Participant Code: 106

ങ്ങളെ ഉപയോഗപ്പെടുത്താം എന്നത് വളരെ വലിയ ഒരു
കാര്യമാണ്.

ഒട്ടനവധി അന്ധവിശ്വാസങ്ങൾ നവമാധ്യമ
ങ്ങൾ വഴി പ്രചരിക്കുന്നു എന്നത് അൽപം ദുഃഖമുണ്ടാ
ക്കുന്നതാണ്. പ്രബുദ്ധ കേരളത്തിൽ ഈ അടുത്തിടെയായി
നടന്ന അന്ധവിശ്വാസപ്രണതയും കൊലപാതകവും എല്ലാം
നടുക്കത്തോടു കൂടിയാണ് നാം എതിരേറ്റത്. എത്രയൊക്കെ
വിദ്യാഭ്യാസ സമ്പന്നരാണ്, സാക്ഷരതാ സമ്പന്നരാണ് എന്നൊ
ക്കെ പറഞ്ഞാലും മലയാളികളുടെ സാമൂഹ്യ ജീവിതത്തിൽ
അന്ധവിശ്വാസങ്ങൾ ഇന്നും വേരോടെ നിലനിൽക്കുന്നു
ണ്ടെന്നത് വിശ്വസിക്കാനാവാത്ത കാര്യമാണ്. അന്ധവിശ്വാസ
ങ്ങൾ നമ്മുടെ സമൂഹത്തിൽ പ്രചരിപ്പിക്കപ്പെടു-
ക്കുന്നതിൽ നവമാധ്യമങ്ങൾക്കുള്ള പങ്ക് ചെറുതല്ല.
അതു പോലെ മതസ്പർദ്ധയും വിദ്വേഷവുമെല്ലാം
സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കപ്പെടുന്നു. ഇത്തര
ത്തിരെയെല്ലാം പോരാടുന്നതിനും സമൂഹ മാധ്യമങ്ങൾ
നമ്മെ സഹായിക്കുന്നു.

നമ്മുടെ നാടിന്റെ ഐക്യവും അഖണ്ഡത
യും നിലനിർത്തി അത്യധികം സമാധാനപരമായ ഒരു
അന്തരീക്ഷം തീർക്കാൻ നവമാധ്യമങ്ങളിലൂടെ നമുക്ക്

സാധിക്കും. നമ്മുടെ എല്ലാ രീതിയിലുമുള്ള വികസനങ്ങ
ൾക്ക് ഒരു താങ്ങാവാൻ നവമാധ്യമങ്ങൾക്ക് സാധിക്കും.

മലയാളികളുടെ സാമൂഹ്യ ജീവിതത്തിൽ
നവമാധ്യമങ്ങൾ നടത്തിയ വലിയ പങ്ക് എടുത്ത് പറയേ
ണ്ടതാണ്. കോവിഡ് കാലവും പ്രളയ കാലവും അതിന്
ഉദാഹരണമാണ്. പ്രളയത്തിന്റെ ആ ഇരുൾ നിറഞ്ഞ
ദിനങ്ങളിൽ എല്ലാം നവമാധ്യമങ്ങളിലൂടെ മലയാളികൾ നടത്തി-
യ കൃത്യമായ ഇടപെടലുകളും ആശയവിനിമയങ്ങളും എല്ലാം
ആ മഹാമാരിയെ അതിജീവിക്കുന്നതിൽ ഒരു പങ്ക് വഹിച്ചി
ട്ടുണ്ട്. അതുപോലെ കോവിഡ് കാലത്തും കൃത്യമായ
മുൻകരുതലുകളും അറിയിപ്പുകളുമെല്ലാം നമ്മിലേക്ക്
എത്തിക്കാൻ നവമാധ്യമങ്ങൾ ഏറെ പങ്ക് വഹിച്ചിട്ടുണ്ട്.
അത്തരത്തിലുള്ള അപകടസാഹചര്യങ്ങളിൽ നമുക്ക്
ഒരു താങ്ങായി തന്നെ നവമാധ്യമങ്ങൾ പ്രവർത്തിച്ചു എന്നുള്ളത്
എടുത്ത് പറയേണ്ട ഒന്നാണ്. നവമാധ്യമങ്ങളിലൂടെയുള്ള
മലയാളികളുടെ കൃത്യമായ ഇടപെടലുകൾ ആ സമയത്തിൽ
വലിയ ഒരു അനുഗ്രഹം തന്നെയായിരുന്നു. അങ്ങനെയുള്ള
പലതരത്തിലുള്ള ദുർഘട സാഹചര്യങ്ങളിൽ നവമാധ്യമ
ങ്ങൾ മലയാളികൾക്ക് വലിയ ഒരു തണലായി നിന്നിട്ടുണ്ട്.

പണ്ടത്തെ കാലത്തിൽ നിന്നും വരെ

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

വ്യത്യസ്തമായാണ് മലയാളികളുടെ സാമൂഹ്യ ജീവിതം.
വളരെ തിക്കും തിരക്കും പിടിച്ച ജീവിതശൈലിയിൽ അവരെ
ഒരു സമൂഹമാക്കി തീർക്കാൻ നവമാധ്യമങ്ങൾ വലിയ പങ്ക്
വഹിക്കുന്നു. മലയാളികളുടെ ജീവിതത്തിൽ ഒരു അവിഭാജ്യ
ഘടകമായി തന്നെ ഇന്ന് നവമാധ്യമങ്ങൾ മാറിയിരിക്കുന്നു.
അവയുടെ കൃത്യമായ ഇടപെടലുകൾ ജീവിതത്തെ ആയാസമുള്ള
താക്കുന്നു. ഇഷ്ടപ്പെട്ട പാട്ട് കേൾക്കാൻ പുസ്തകം വായിക്കാൻ
സിനിമകൾ കാണാൻ അങ്ങനെ ഒരുപാട് തലത്തിൽ
അവ നമ്മെ ഉല്ലാസത്തിൽ ഏർപ്പെടുത്തുന്നു. എങ്കിലും
അവയുടെ തെറ്റായ ഉപയോഗം നമ്മെ വലിയ വിപത്തുകളിലേ
ക്ക് നയിക്കുകയും തൽപ്രകാരം അവ നമ്മുടെ സാമൂഹിക
അന്തരീക്ഷത്തെ ബാധിക്കുകയും ചെയ്യുന്നു എന്ന വസ്തുത
ഒരിക്കലും മറക്കാതിരിക്കുക. നവമാധ്യമങ്ങളെ നമുക്ക്
നല്ല ചങ്ങാതിമാരായി മാറ്റാം. നമ്മുടെ അറിവ് വളർത്താനും
നമ്മുടെ വ്യക്തിത്വ വികാസത്തിനും സാമൂഹിക ഉത്തര
വാദിത്വങ്ങൾ നിറവേറ്റാനുമായി നമുക്ക് നവമാധ്യമങ്ങളുടെ
കൂട്ട് പിടിക്കാം. അങ്ങിനെ നല്ല വ്യക്തികളായി, നല്ല
പൗരന്മാരായി നമുക്ക് നമ്മുടെ സമൂഹത്തിൽ കൃത്യമായ
ഇടപെടലുകൾ നടത്തി മുന്നോട്ട് പോകാം. സൈബർ
ലോകത്തിന്റെ ചിലന്തിവലകൾക്കുള്ളിൽ ഒരിക്കൽ പോലും

61* Kerala School Kalolsavam
Date...
61-ാമത് കേരള സ്കൂൾ കലോത്സവം
2023 ജനുവരി 3 – 7 കോഴിക്കോട്
Kozhikode, Jan 3 to 7

Item Code: 944 Participant Code: 106

ഒപ്പു പോവുകയില്ല എന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം. നമ്മുടെ സമൂഹത്തിൽ നല്ല ഒരു വ്യക്തിയായി, സമൂഹത്തിനോട് പ്രതിബദ്ധതയുള്ള നല്ലൊരു സമൂഹജീവിയായി നമുക്ക് മുന്നോട്ട് പോകാം, അതിന് നമുക്ക് നവമാധ്യമങ്ങളെ നല്ല ചങ്ങാതിമാരാക്കാം.

ജയ് ഹിന്ദ്

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)